hssMozhi
malayalam class

# 2022 JUNE

## +1 മലയാളം

## Answer Key

# ഉത്തര സൂചിക

*1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക. (2 സ്കോർ)*

**1 . ജോനാഥൻ മറ്റുകടൽക്കാക്കകളിൽ നിന്ന് വ്യത്യസ്തനാകുന്നത് എങ്ങനെ ?**

- ☑ പരിമിതികളെ മറികടക്കാനുള്ള ആഗ്രഹം
- ☑ പുതിയ സാധ്യതകളെ കണ്ടെത്താനുള്ള ശ്രമം.

**2 . താഴെ ചേർത്ത വയിൽ ജനപ്രിയ സിനിമകളുടെ സവിശേഷതകൾ എന്തൊക്കെയാണ്?**

- ☑ സാമൂഹ്യ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നില്ല
- ☑ --------------------------------

**3 . "അനർഘനിമിഷ " ത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.**

- ☑ സൂഫി പാരമ്പര്യം
- ☑ ദുഃഖം മുഖ്യമായ ഭാവമായി വരുന്നു

**4 . ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്താവുന്ന രണ്ട് ആശയങ്ങൾ എടുത്തെഴുതുക**

- ☑ രാജ്യസ്നേഹവും സാമൂഹ്യ നീതിയും
- ☑ സായുധ സമരത്തിന്റെ ചിത്രീകരണം.

**5 . മുഹ്യിദ്ദീൻമാല എന്ന കൃതിയുടെ സവിശേഷതയെന്ത് ?**

- ☑ അറബി മലയാളത്തിലെ ആദ്യകാല കൃതി
- ☑ ഗഹനമായ ആശയം ലളിതമായ ഭാഷ

**അനുബന്ധം – 1**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരം എഴുതുക എന്ന ആദ്യ ഭാഗത്ത് 3, 4 ചോദ്യങ്ങൾക്കു മാത്രമാണ് രണ്ട് സൂചനകൾ എഴുതാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ മറ്റ് മൂന്നു ചോദ്യങ്ങൾക്കും ശരിയായ ഒരു ഉത്തരം എഴുതിയിട്ടുള്ള എങ്കിലും 2 സ്കോറും ലഭിക്കാൻ സാധ്യതയുണ്ട്.**

hssMozhi

**അനുബന്ധം – 2**

- **ചോദ്യം രണ്ടിൽ – സാമൂഹ്യ പ്രശ്നങ്ങളെ ഏറ്റെടുക്കുന്നില്ല – എന്ന ഒരു ഉത്തരമേ ശരിയുള്ളൂ. സങ്കല്പിക്കാൻ ആവാത്ത ഇഷ്ടങ്ങളെ അവതരിപ്പിക്കുന്നു – എന്നതും ഉത്തരമായി തോന്നാം. എന്നാൽ അതിൽ പിശകുണ്ട്.**
  **സങ്കല്പത്തിലെ ഇഷ്ടങ്ങളെ ആണല്ലോ ജനപ്രിയ സിനിമകൾ പ്രധാനമായും അവതരിപ്പിക്കുന്നത്.**
- **ചോദ്യം – 4 : നാല് ചോയിസും ശരിയാണ് എന്നും പറയാം**
- **ചോദ്യം –3 : ആദ്യ 3 ചോയിസും ശരിയാണ് എന്നും പറയാം**

*6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ)*

**6 . ' സന്ദർശനം ' എന്ന കവിതയിലെ ' പൊൻ ചെമ്പകം പൂത്ത കരളെ'ന്ന പ്രയോഗത്തിന്റെ ഔചിത്യ ഭംഗിയെന്ത്?**

☑ പ്രണയത്തിന്റെ മൂർത്തരൂപമായ പൊൻചെമ്പകം മലയാളിക്ക് പ്രിയപ്പെട്ട പ്രണയ പ്രതീകമാണ്.
പൂക്കൾ വിരിയുന്നത് വസന്തകാലത്തിലാണ്.
പ്രണയം മനസ്സിന്റെ വസന്ത കാലമാണ്.

**7 . ' എന്തിന്? മർത്ത്യായുസ്സിൽ സാരമായതു ചില**
**മുന്തിയ സന്ദർഭങ്ങൾ – അല്ല മാത്രകൾ മാത്രം ' – ഊഞ്ഞാലിൽ എന്ന കവിതയിലെ ഈ വരികളിലെ ആശയമെന്ത്?**

☑ ദീർഘമായ മനുഷ്യജീവിതം സുഖദുഃഖ സമ്മിശ്രമാണ്.
ഏതു പ്രതിസന്ധികൾക്കിടയിലും ജീവിതത്തിന്റെ പ്രത്യാശ കൈവിടരുത് എന്നാണ് വൈലോപ്പിള്ളി ഊഞ്ഞാലിലൂടെ സമർത്ഥിക്കുന്നത്.
ജീവിതത്തിൽ വിലപ്പെട്ടതായിട്ടുള്ളത് ചില നിമിഷങ്ങളോ മാത്രകളോ മാത്രമാണ്.

**8 . ' മുഹ്‌യിദ്ദീൻമാല ' യിൽ പരാമർശിക്കപ്പെടുന്ന സൂഫി ശ്രേഷ്ഠന്റെ അപദാനങ്ങളിൽ രണ്ടെണ്ണം പാഠഭാഗത്തിൽ നിന്ന് കണ്ടെത്തിയെഴുതുക**

☑ പാണ്ഡിത്യമോ സ്ഥാനമാനങ്ങളോ ഇല്ലാത്ത സാധാരണക്കാർക്ക് അത് വേണ്ടുവോളം സമ്മാനിച്ചു.
വരാൻ പോകുന്ന ആപത്തുകളെക്കുറിച്ച് സ്വപ്നത്തിലൂടെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകി.
പാമ്പിന്റെ രൂപത്തിൽ വേഷപ്രച്ഛന്നനായി എത്തിയ ജിന്നിനെ ഭയമില്ലാതെ എടുത്തെറിഞ്ഞു.

**9 . ' വാസനാവികൃതി ' എന്ന ചെറുകഥയിൽ ഹാസ്യാത്മകമായി അനുഭവപ്പെട്ട ഒരു സന്ദർഭം എടുത്തെഴുതുക**

☑ കഥയിലെ നായകൻ ഒരു ഇല്ലത്തു നിന്നും മോഷ്ടിച്ച സ്വർണ്ണം കാമുകിക്ക് സമ്മാനമായി നൽകുന്നു.
അവൾ അതിൽ നിന്ന് ഒരു സ്വർണമോതിരം പ്രേമപൂർവ്വം നായകന്റെ വിരലിൽ ഇട്ടു കൊടുക്കുന്നു.
നായകൻ തന്റെ ജന്മസിദ്ധമായ വാസന കൊണ്ട് ഒരു പോലീസുകാരന്റെ പോക്കറ്റിൽ

hssMozhi

മോഷ്ടിക്കുന്നതായി കയ്യിട്ടകയും സ്വർണ്ണമോതിരം നഷ്ടപ്പെട്ടകയും ചെയ്യുന്നു. മോതിരം കണ്ടു പിടിക്കുന്നതിനായി പോലീസിൽ പരാതി കൊടുക്കുകയും ഒടുവിൽ അയാളുടെ വിഡ്ഢിത്തം കൊണ്ട് അവരുടെ ശിക്ഷാനടപടികൾക്ക് വിധേയനാവുകയും ചെയ്യുന്നു.

*10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (4 സ്കോർ)*

**10 . ' തുരുമ്പു പിടിച്ച വിജാഗിരികൾ ഇളകുന്നതുപോലെയായിരുന്നു അവരുടെ ശബ്ദം ' – ഓർമ്മയുടെ ഞരമ്പിലെ ഈ വാക്യം കഥയുടെ പശ്ചാത്തലത്തെപ്പറ്റി നൽകുന്ന സൂചനയാണോ.?**

☑ # സ്ഥിരമായി ഉപയോഗിക്കാത്ത വാതിലുകളുടെ വിജാഗിരിയാണല്ലോ തുരുമ്പു പിടിക്കാറ്. ഇവിടെ തുരുമ്പു പിടിച്ച വിജാഗിരികൾ ഇളകുന്നത് പോലെയാണ് അവരുടെ ശബ്ദം എന്ന് പറഞ്ഞിരിക്കുന്നതിലൂടെ വൃദ്ധ അധികം ആരോടും സംസാരിക്കാറില്ലെന്നും അവരെ കാണാൻ സന്ദർശകർ ആരും വരാറില്ലെന്നും ഊഹിക്കാം. കൂടാതെ അധികം ആരും ശ്രദ്ധിക്കാത്ത വൃദ്ധയുടെ ജീവിതത്തിന്റെ ഏടുകൾ, പെൺകുട്ടി വന്നതോടെ തുറക്കപ്പെടുന്നു എന്നും സൂചനയുണ്ട്.

**11 . വേരുകളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) രണ്ട് സവിശേഷതകൾ എഴുതുക.**

☑ # വേരുകളുടെ ഔഷധമഹിമ അറിഞ്ഞിരുന്ന അരുണാചലം, ഉടുമ്പുമാരി എന്നിവരുടെ കാലം കഴിഞ്ഞതോടെ അത്തരം അറിവുകൾ നഷ്ടമായതിനെക്കുറിച്ച് പറയുന്നത്.

# നാട്ടു വൃക്ഷങ്ങളുടെ വേരുകൾക്ക് ഭൂമിയിലെ ഈർപ്പത്തെ നിലനിർത്താനും ജലം ശേഖരിച്ച് വയ്ക്കാനുമുള്ള കഴിവുണ്ട്.

# വയനാട്ടിലെ കുറുവദ്വീപുകളിൽ പുഴയോരം കൈയടക്കിയിരിക്കുന്ന വേരുകൾ ദ്വീപിനെ ദൃഢപ്പെടുത്തിയിരിക്കുന്നത്.

hssMozhi

**12 . ' കായലരികത്ത് ' എന്ന ഗാനത്തിൽ തെളിയുന്ന മുഖ്യഭാവം പ്രണയമാണ് – പ്രതികരിക്കുക**

☑ # നാട്ടിൻപുറത്തെ പ്രണയമാണ് 'കായലരികത്ത്' എന്ന ഗാനത്തിൽ അവതരിപ്പിക്കുന്നത്. നായികയുടെ നോട്ടത്താൽ തന്നിൽ പ്രണയമുദിച്ചതും, നായികയോടുള്ള ഇഷ്ടവും അവളെ വിവാഹം കഴിക്കാനുള്ള ആഗ്രഹവും നായകൻ തുറന്നു പറയുന്നു. എങ്കിലും അവൾക്ക് തന്നോട് പ്രണയം ഇല്ലെങ്കിൽ അത് ഇപ്പോൾ തന്നെ തുറന്നു പറയണമെന്നും വെറുതെ സമയം കളഞ്ഞ് ഒടുവിൽ തന്നെ സങ്കടപ്പുഴ നടുവിലാക്കരുതെന്നും നായകൻ അഭ്യർത്ഥിക്കുന്നുമുണ്ട്...നാടൻ വാമൊഴി പ്രയോഗങ്ങൾ കൊണ്ടും, മാപ്പിളപ്പാട്ടിന്റെ ഈണം കൊണ്ടും മലയാള ചലച്ചിത്രഗാനശാഖയിൽ വേറിട്ടതാകുന്നു ഈ ഗാനം.

**13 . പ്രകൃതിയിലെ പരസ്പരാശ്രിതത്വത്തെ പരാമർശിക്കുന്ന ആധാര ചിത്രമാണ് കൈപ്പാട്. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതുക.**

☑ # മനുഷ്യരും ജൈവപ്രകൃതിയും ഒന്നായി പരിഗണിക്കപ്പെടുന്ന ദൃശ്യങ്ങളിലൂടെ പ്രകൃതിയുടെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു.

# പരമ്പരാഗത കൃഷിരീതിയും മത്സ്യ ബന്ധനവും ജീവിതരീതികളും സൂക്ഷ്മമായി നിരീക്ഷിക്കുന്നു.

# നശീകരണത്തിലൂടെയല്ല, ജൈവികമായ പ്രകൃതി പ്രതിഭാസങ്ങളിലൂടെ അവബോധം സൃഷ്ടിക്കുകയാണ് കൈപ്പാടിലെ ഓരോ ദൃശ്യവും.

**14 . എന്താണ് കവിത? എം എൻ വിജയൻ തന്റെ ലേഖനത്തിൽ കവിതയെക്കുറിച്ച് അവതരിപ്പിച്ച രണ്ടു നിരീക്ഷണങ്ങൾ എഴുതുക.**

☑ # വാക്കുകൾ കൊണ്ട് അല്ലെങ്കിൽ അതിന്റെ അർത്ഥം കൊണ്ട് നൃത്തം ചെയ്യിക്കലാണ് കവിത.

# വാക്കിന്റെ അർത്ഥത്തെ മറികടക്കുന്ന, പ്രത്യക്ഷാർത്ഥത്തിനപ്പുറമുള്ളതാണ് കവിത – അവ്യവസ്ഥിതത്വം എന്ന കവിതയുടെ സ്വഭാവം.

**5 . 'അനർഘനിമിഷം 'മരണത്തെ അഭിസംബോധന ചെയ്യുന്ന രചനയാണോ? പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക**

☑ # ജനനത്തിനും മരണത്തിനും ഇടയിലെ ജീവിതം അനർഘനിമിഷമായി ബഷീർ കാണുന്നു. ജീവിതത്തോടുള്ള നിർമമത

# സാമൂഹ്യാവസ്ഥയിൽ ജീവിതത്തോടുള്ള ആസക്തിയും ദാർശനികചിന്തയും വായിച്ചെടുക്കാം. മരണഭയമാണ് ഗദ്യത്തിലുള്ളത്.

**16 . പീലിക്കണ്ണുകൾ എന്ന പാഠഭാഗത്ത് ശ്രീകൃഷ്ണൻ ഓർത്തെടുക്കുന്ന ബാല്യകാല അനുഭവങ്ങൾ എടുത്തെഴുതുക**

☑ # അമ്മയുടെ വാത്സല്യം, അച്ഛന്റെ സ്നേഹം, കൂട്ടുകാരുമൊത്തുള്ള കളികൾ ഇവയുടെ ഓർമ്മകൾ ഉൾക്കൊള്ളുന്ന ആശയങ്ങൾ എഴുതണം

# ബാല്യം അനുഭവവേദ്യമാക്കുന്ന വരികളുടെ ആശയം എഴുതണം

*17 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (6 സ്കോർ)*

**17 . ജീവിക്കുക എന്നതിനപ്പുറം സ്വന്തം കഴിവുകൾ ആവിഷ്കരിക്കാൻ കഴിയുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് എന്ന പാഠമാണോ ജോനാഥൻ എന്ന കടൽകാക്ക നൽകുന്നത്? വിശദമാക്കുക**

☑ # പരിമിതികളെ മറികടക്കാനുള്ള ആഗ്രഹം

# പുതിയ സാധ്യതകൾ അന്വേഷിക്കാൻ, കണ്ടെത്താൻ, അജ്ഞതതയിൽ നിന്ന് സ്വതന്ത്രനാകാനുള്ള ശ്രമം

# സ്വാതന്ത്ര്യദാഹം

# മഹത്തായ സ്വപ്നങ്ങൾ

# സമൂഹത്തെ പരിവർത്തിപ്പിക്കണമെന്ന ചിന്ത ഇവയൊക്കെ ജോനാഥന് ഉണ്ടെന്ന് കണ്ടെത്തണം

# അത്തരത്തിലുള്ള ക്രിയാത്മക ചിന്തകൾ ഉള്ളവരുടെ ജീവിതമാണ് അർത്ഥവത്താകുന്നത് എന്ന് ക്രോഡീകരിക്കണം

**18 . അരികിലാകുമ്പോഴും അപരിചിതത്വവും അകൽച്ചയും ബാധിച്ച് മൗനത്തിലേക്ക് പതിക്കുന്ന പ്രണയത്തെയാണ് സന്ദർശനത്തിൽ അവതരിപ്പിക്കുന്നത്. കവിതയിലെ പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങൾ വിലയിരുത്തി വിശദീകരിക്കുക.**

hssMozhi

☑ # ഭൂതകാലപ്രണയത്തിന്റെ ഓർമ്മകൾ ഉൾക്കൊള്ളുന്ന മൂന്ന് അനുഭവങ്ങൾ

# പ്രണയത്തിന്റെ വർത്തമാനകാല അവസ്ഥ, അസ്വസ്ഥവും അരാജകവുമായ ജീവിതം.

# ഉള്ളിൽ ഇപ്പോഴും പ്രണയം അലയടിക്കുന്നെങ്കിലും പ്രണയികൾക്കിടയിൽ മൗനം നിറയുന്നതിന്റെ പശ്ചാത്തലം

# ഈ വിശകലനങ്ങളെ ചോദ്യവുമായി ബന്ധിപ്പിച്ച് പൂർത്തിയാക്കണം.

**19 . മത്സ്യത്തിന്റെ ജീവിതലക്ഷ്യം പൊരുതി നിൽക്കുക എന്നതാണല്ലോ. മത്സ്യമെന്ന കവിതയെ മുൻനിർത്തി സ്വാഭിപ്രായം രേഖപ്പെടുത്തുക**

☑ # മത്സ്യം തീരെ ചെറുതാണെങ്കിലും കടൽത്തിരയുടെ കരുത്തിനെയും ചൂണ്ട, വല പരുന്തിൻ കണ്ണ് തുടങ്ങിയ പ്രലോഭനങ്ങളെയും കെണികളെയും ഭീഷണികളെയും പൊരുതി തോൽപ്പിക്കുന്നു.

# ഏത് സാഹചര്യത്തിലും നിലനിൽക്കാനും അതിജീവിക്കാനും മത്സ്യത്തിന് കഴിയും

# മത്സ്യത്തിന്റെ പോരാട്ടവും അതിജീവനവും വിശദീകരിച്ച് സ്വന്തം അഭിപ്രായം രേഖപ്പെടുത്തണം.

**20 . ദൃഢവും ആഹ്ളാദപ്രദവുമായ ദാമ്പത്യ ബന്ധത്തിന്റെ ആവിഷ്കാരമാണ് 'ഊഞ്ഞാലിൽ "എന്ന കവിത. ഈ ആശയത്തെ മുൻനിർത്തി ആസ്വാദനം തയ്യാറാക്കുക**

☑ # യൗവനകാലത്തെ അനുരാഗത്തെ വാർദ്ധക്യത്തിലും നിലനിർത്തുന്നത് – ഒട്ടും വിരസതയില്ലാതെ ദാമ്പത്യം മുന്നോട്ടു പോകുന്നത് – ഊഞ്ഞാലിലെ ഭാര്യയുടെ ഇരുപ്പിനെ വെള്ളിത്താലിയോട് സാദൃശ്യപ്പെടുത്തുന്നത് – അതിലൂടെ വിവാഹബന്ധത്തിന്റെ ദൃഢത കാണുന്നത് – വാർദ്ധക്യത്തിൽ പോലും തിരുവാതിര ആഘോഷങ്ങൾ നടത്തുന്നത് – വെറ്റില മുറുക്ക്, തിരുവാതിരപ്പാട്ടുപാടൽ – ഭർത്താവ് ഭാര്യയെ ഊഞ്ഞാലാട്ടുന്നത് – ഭാര്യയെ ശകുന്തളയായി സങ്കൽപ്പിക്കുന്നത്– ഭാര്യയുടെ മന്ദസ്മിതം ആസ്വദിക്കുന്നത് – ജീവിതത്തെ എപ്പോഴും സ്നേഹിക്കാൻ പഠിക്കണമെന്ന ചിന്ത തുടങ്ങിയവ.

**21 . " അരുളില്ലയതെങ്കിലസ്ഥി തോൽ**
**സിര നാറുന്നൊരുടമ്പു താനവൻ;**
**മരുവിൽ പ്രവഹിക്കുമംബുവ –**
**പ്പുരുഷൻ നിഷ്ഫല ഗന്ധ പുഷ്പമാം."**
(അനുകമ്പാദശകം)

**ശ്രീനാരായണ ഗുരുവിന്റെ ഈ വരികളിലെ ആശയത്തെ അപഗ്രഥിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക**

☑ # അനുകമ്പയുടെ മഹത്വം – കാരുണ്യമില്ലായ്മ ദുഃഖത്തിന് കാരണമാകുന്നത് – ജീവിതമാകുന്ന സമുദ്രം തരണം ചെയ്യാൻ കരുണ സഹായിക്കുന്നത് – കരുണയില്ലാത്ത മനുഷ്യൻ അസ്ഥിയും തോലും സിരയും ചേർന്ന നാറുന്ന വെറും ശരീരം മാത്രമാകുന്നത് – കരുണയില്ലാത്ത മനുഷ്യനെ മരുഭൂമിയിലെ ജലത്തോടും കായും മണവും ഇല്ലാത്ത പൂക്കളോടും സാദൃശ്യപ്പെടുത്തുന്നത് – ദയ, സ്നേഹം, ധാർമ്മിക ചിന്ത തുടങ്ങിയവയുടെ മഹത്വം എന്നിവ വ്യക്തമാക്കൽ.

**22 . ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തെ ദേവി ബഹൻ, തങ്കം നായർ എന്നീ രണ്ട് കഥാപാത്രങ്ങളെ മുൻനിർത്തി സാമൂഹിക ജീവിതത്തിൽ അവർ സ്വീകരിച്ച വ്യത്യസ്ത നിലപാടുകളെ വിശകലനം ചെയ്യുക**

☑ # സഹന സമരങ്ങളിലൂടെയുള്ള ദേവിബഹന്റെ ജീവിതം തിരിച്ചറിയണം. നാടിനും നാട്ടുകാർക്കും വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം. വേദനയുടെ വേതനം പറ്റാൻ ഒരിക്കലും അവർ പോയില്ല.

# വ്യക്തി ജീവിതത്തിന്റെ സുഖങ്ങളിൽ ഒതുങ്ങിക്കൂടുന്നവരുടെ പ്രതിനിധിയാണ് തങ്കം നായർ എന്ന് തിരിച്ചറിയണം. സുഖം മാരകമായ ലഹരിയാണെന്ന ആത്മനിന്ദയോടെ അതിൽ ആണ്ട് മുങ്ങുന്നു.

# ഒരേ കാലഘട്ടത്തിന്റെ വ്യത്യസ്ത മുഖങ്ങൾ എന്ന് വിലയിരുത്തണം

# സാമൂഹിക മാറ്റത്തിനായി നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്നവരുടേതാണ് മഹത്തായ ജീവിതമെന്ന് ക്രോഡീകരിക്കണം

**23 . "പുറപ്പെട്ടേടത്താണ് ഒരായിരം കാതം അവൾ നടന്നിട്ടും" സംക്രമണം എന്ന കവിതയിലെ ഈ വരികൾ സ്ത്രീ ജീവിതാവസ്ഥയുടെ ചരിത്രമാണ് രേഖപ്പെടുത്തുന്നത്. നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതുക**

☑ # കവിയെയും ഉത്തരാധുനികതയുടെ സ്ത്രീ പക്ഷ നിലപാടും സൂചിപ്പിക്കുന്ന തുടക്കമാവാം.

# ജനിച്ചന്നു മുതൽ കവിയുടെ കണ്ണിൽ നൂലട്ട പോലിഴയുന്ന പെണ്ണിന്റെ ദൈന്യ ജീവിതം. ചരിത്ര വഴികളിൽ എന്നും അങ്ങനെ തന്നെ ആയിരുന്നു.

# കുറ്റിച്ചൂല്, നാറാത്തേപ്പ്, ഞണുങ്ങിയവക്കാർന്നൊരു കഞ്ഞിപ്പാത്രം എന്നീ സൂചകങ്ങളിലൂടെ വ്യക്തമാവുന്ന പെൺജീവിതം വിശദീകരിക്കാം.

# ചരിത്രത്തിലും ഇതിഹാസങ്ങളിലും പുരാണങ്ങളിലും പെണ്ണ് ഇരയും പുരുഷാധികാരത്തിന് കീഴ്പ്പെട്ട് നിൽക്കുന്നവളുമാണെന്ന് വിശദീകരിക്കാം.

# അവളുടെ ജീവിതയാത്ര എന്നും വിധേയത്വത്തിന്റെയും കീഴടങ്ങലിന്റെതും ആയിത്തീർന്ന പുരുഷാധിപത്യ സാമൂഹിക ക്രമത്തെ സൂചിപ്പിച്ച് ഉത്തരം ക്രോഡീകരിക്കാം.

*24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (8 സ്കോർ)*

**24 . ' സ്വാതന്ത്ര്യം ' എന്ന വാക്ക് ഉച്ചരിച്ചപ്പോൾ അവരുടെ വയ്യപല്ലുസെറ്റ് ദയനീയതയോടെ പുറത്തേക്ക് വന്നു. ' ഓർമ്മയുടെ ഞരമ്പ് ' എന്ന കഥയിൽ ഈ വാക്യത്തിനുള്ള പ്രസക്തി എന്ത്? വിശദീകരിക്കുക**

☑ # കെ.ആർ മീരയുടെ "ഓർമ്മയുടെ ഞരമ്പ്" ദേശസ്വാതന്ത്ര്യം, സ്ത്രീസ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

# ചിതറിപ്പോയ ഓർമ്മകൾ വാരിക്കൂട്ടി വൃദ്ധ പെൺകുട്ടിയോടു കഥ പറയുന്ന രീതിയിൽ അവതരിപ്പിക്കുന്നു.

# സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ആദ്യം കടന്നുവരുന്നു.

# വള്ളത്തോൾ വന്ന സമ്മേളനം

# ആദ്യ കഥയുടെ പ്രമേയം.

# സ്ത്രീ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ .

# 'പെണ്ണായാൽ ചോറും കറീം വെക്കണം, പെറണം'

# 'ഇവിടുത്തെ ആളുടെ ഇഷ്ടം പോലാവട്ടെ. എന്തിനാ വെറുതെ ഒരു കലശൽ?'

# ആവിഷ്കാര സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട്

hssMozhi

# 'ഞാൻ ഒരു കഥ എഴുതിട്ടുണ്ട് എന്നു പറഞ്ഞപ്പോ....'

# അമ്മ കാണാതെ കഥ എഴുതേണ്ടി വന്ന അവസ്ഥ.

# കള്ളപ്പേരിൽ കഥ എഴുതിയ അനുഭവം.

# ഇവയെല്ലാം പെൺകുട്ടി എന്ന അവസ്ഥയിൽ നിന്ന് ഭാര്യ എന്ന പദവിയിലേയ്ക്ക് വന്നപ്പോഴുണ്ടായ നഷ്ടമാണ്.

# കുടുംബം എന്ന കെട്ടുപാടിലേയ്ക്ക് വന്നപ്പോൾ വ്യക്തിയ്ക്കുണ്ടായ സ്വാതന്ത്ര്യത്തിന്റെ ചാഞ്ചാട്ടമാണ് ഇത്.

# വയ്പു പല്ലുസെറ്റിന്റെ ഇളക്കം സ്വാതന്ത്ര്യത്തിന്റെ ഇളക്കമായി വിലയിരുത്താം.

# ദാമ്പത്യ ജീവിതത്തിലേയ്ക്ക് കടന്ന പെൺകുട്ടിയും ചുണ്ടുകൾ പൂട്ടി രഹസ്യമായി തന്റെ സ്വാതന്ത്ര്യ നഷ്ടത്തെക്കുറിച്ചും വിലയിരുത്തുന്നു.

# ഈ നിലയിലെല്ലാം കഥയുടെ സമഗ്രാനുഭവത്തിലേയ്ക്ക് കടക്കുന്നതിന് ഈ വാക്യം സൂചകമായി മാറുന്നു.

ഈ സൂചനകൾ വിശദമാക്കിക്കൊണ്ടോ കഥയുടെ ഇതിവൃത്തം പരാമർശിച്ചു കൊണ്ടോ എഴുതിയാൽ 8 മാർക്കും നല്കാം.

**25 .' മനുഷ്യനും പ്രകൃതിയും ഇണങ്ങി ജീവിച്ച ഒരു കാലമുണ്ടായിരുന്നു. ' – ഈ പ്രസ്താവനയെ മുൻനിർത്തി ' വേരുകൾ നഷ്ടപ്പെടുത്തുന്നവർ ' എന്ന ലേഖനത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

☑ # വേരുകൾ നഷ്ടപ്പെടുത്തുന്നവർ – എൻ.എ.നസീറിന്റെ ലേഖനം .

# മണ്ണും മനുഷ്യനും തമ്മിലുള്ള അഗാധമായ പാരസ്പര്യചിഹ്നമായി വേരുകളെ ലേഖകൻ കാണുന്നു.

# കാടിനെ കണ്ടും കേട്ടും മണത്തും തൊട്ടും അറിഞ്ഞതിന്റെ പൊരുൾ വിശദീകരിക്കുന്നു.

# കാടനുഭവം വലിയ ദർശനങ്ങളുടെ പാഠശാലയാകുന്നു.

# മനുഷ്യനെ കുറിച്ച്, ചരിത്രത്തെ കുറിച്ച്, ജീവിതത്തിന്റെ അനുസ്യൂതിയെ കുറിച്ച്

# വേരുകളോളം താഴ്ന്നാൽ മാത്രമേ ആകാശത്തോളമുയരാൻ സാധിക്കൂ.

# അടരുന്ന ഇലകളോളവും വീഴുന്ന മരത്തോളവും മാത്രമേ മനുഷ്യനും സ്ഥാനമുള്ളൂ.

# പ്രകൃതി മനുഷ്യനു വേണ്ടി നിലനിർത്തേണ്ടതാണ്.

# പ്രകൃതിയോടിണങ്ങി ജീവിക്കുന്ന മനുഷ്യരെ ഉദാഹരിക്കുന്നു.

# ചെമ്പൻ, കുമാരൻ, വാച്ചർ കണ്ണൻ എന്നിവരോടൊപ്പമുള്ള കാടനുഭവങ്ങൾ.

# അരുണാചലം – എന്തിനുമേതിനും ഔഷധം വേരുകളിലുണ്ടെന്നു കരുതുന്നു.

# വേരുകൾ ജീവിതത്തെ തിരിച്ചു പിടിക്കാനുള്ളതാണെന്നു വിശ്വസിക്കുന്നു.

# വേദനകളുടെ മഹിമ തിരിച്ചറിയുന്ന ഉടുമ്പുമാരി .

# ലേഖനത്തിലൂടെ മരം ഒരചേതന വസ്തുവല്ല എന്നു സമർത്ഥിക്കുന്നു.

# ഓരോ വേരും പിഴുതെറിയുമ്പോൾ നാം നമ്മുടെ വേരുകളാണ് നഷ്ടപ്പെടുത്തുന്നത് എന്ന തിരിച്ചറിവു നല്കുന്നു.

ഇത്തരത്തിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് പ്രകൃതിയുടെ നിലനില്പ് മനുഷ്യന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ് എന്ന് സമർത്ഥിച്ചാലോ / പാഠത്തിന്റെ ഇതിവൃത്തം പൊതുവേ പരാമർശിച്ച് ആസ്വാദനം എഴുതിയിട്ടുണ്ടെങ്കിലോ 8 മാർക്കും നല്കാം.

hssMozhi

**26 . വിരസമാകാനിടയുള്ള വാർദ്ധക്യത്തെ, യൗവനകാലത്തിന്റെ ഓർമ്മകൾകൊണ്ട് മറികടക്കുകയാണോ ഊഞ്ഞാലിൽ എന്ന കവിത? കാവ്യഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക**

☑ # ഊഞ്ഞാലിൽ"– വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിത.

# വാർദ്ധക്യകാലത്തെ ഒരു തിരുവാതിരനാൾ ഭർത്താവ് ഭാര്യയോടു സംസാരിക്കുന്ന രീതിയിൽ അവതരിപ്പിക്കുന്നു.

# പ്രകൃതിസൗന്ദര്യവും മനുഷ്യജീവിത സൗന്ദര്യവും ഇവിടെ കൂടിച്ചേരുന്നു.

# മൂപ്പതുകൊല്ലം മുമ്പത്തെ ഓർമ്മകളിലൂടെ വർത്തമാനകാല വിരസതകളെ മറികടക്കുന്നു.

# തുമഞ്ഞും വെളിച്ചവും മധുവും ഇറ്റിറ്റു വീഴുന്ന മാവിൻചോടും അതിലെ ഊഞ്ഞാലും – യൗവനത്തിന്റെ ഓർമ്മകളെ സജീവമാക്കുന്നു.

# മാമ്പൂവിന്റെ ഗന്ധം നായകനെ ജീവിത മധുമാസത്തിലേയ്ക്കെത്തിക്കുന്നു.

# നായികയുടെ ചിരി യൗവനകാലത്തിന്റെ സൗന്ദര്യത്തെ പുനഃസൃഷ്ടിക്കുന്നു.

# മാംഗല്യ ചിഹ്നമായ വെള്ളിത്താലി പോലെ നായിക ഊഞ്ഞാലിലിരിക്കുന്നു.

# ഭൂതകാലത്തിന്റെ സൗന്ദര്യത്തിലേയ്ക്ക് ആ കാഴ്ച പോകുന്നു.

# നാട്ടിൻപുറത്തിന്റെ സവിശേഷതകൾ ജീവിതത്തിന്റെ കെട്ടുറപ്പുകളാണെന്ന തിരിച്ചറിവ് .

# സംഹാരത്തിന്റെ അടയാളങ്ങൾ മാഞ്ഞു പോകുമെന്ന പ്രതീക്ഷ.

# യൗവനകാലത്തിന്റെ ഓർമ്മകളിൽ നിന്ന് പുരാണകഥയുടെ ഓർമ്മകളിലേക്കുള്ള സഞ്ചാരം.

# പാട്ടും തിരുവാതിരയും സർവ്വ ദുഃഖങ്ങളെയും മറികടക്കാനുള്ള ഉപാധിയാകുന്നു.

# ഒരു മാത്രയെങ്കിലൊരുമാത്ര ജീവിതം ആഹ്ലാദഭരിതമാക്കാൻ കാവ്യം പഠിപ്പിക്കുന്നു.

ഇത്തരത്തിൽ കാവ്യത്തിന്റെ ആശയങ്ങൾ വിശദീകരിക്കുന്നതിന് 8 മാർക്കും നല്കാം.

**27 . സ്നേഹ വാത്സല്യങ്ങൾ, യാന്ത്രികമായ പ്രകടനപരതയായി ചുരുങ്ങുന്ന കാലമാണിത്. – വ്യത്യസ്തമായ ഒരനുഭവം ' ശസ്ത്രക്രിയ ' നൽകുന്നില്ലേ? പ്രതികരിക്കുക**

☑ # ശസ്ത്രക്രിയ"– ഉദാരമായ മാനുഷികതയെ ചിത്രീകരിക്കുന്ന കെ.പി.രാമനുണ്ണിയുടെ ഒരു കഥ.

# അമ്മയുടെ ഗർഭപാത്രം നീക്കം ചെയ്യേണ്ടിവരുന്ന ഭിഷഗ്വരനായ മകനെ കേന്ദ്രീകരിച്ച് കഥ പുരോഗമിക്കുന്നു.

# അമ്മയുടെയും മകന്റെയും സ്നേഹവാത്സല്യങ്ങളും വൈകാരികാനുഭൂതിയും അനുഭവവേദ്യമാകുന്നു

# ഗർഭപാത്രം നീക്കം ചെയ്യണമെന്നറിഞ്ഞ ശേഷമുള്ള അമ്മയുടെ മാറ്റങ്ങൾ.

# മകനെ ബാല്യത്തിലെന്നപോലെ തിരിച്ചെടുക്കാനുള്ള ശ്രമം.

# മരുമകളോടുള്ള അഭ്യർത്ഥന.

# അമ്മയുടെ സമാധാനത്തിനു വേണ്ടി അവരുടെ കൂടെയുള്ള മകന്റെ കിടപ്പ്.

# അതുകാണുന്ന ഭാര്യ സ്വന്തം മകനെ കെട്ടിപ്പിടിച്ചു കിടക്കുന്ന കാഴ്ച.

# മറന്നു തുടങ്ങിയ ബാല്യത്തിന്റെ ഓർമ്മകളെ മകനു തിരിച്ചു കൊടുക്കുന്ന അമ്മ.

# ഓപ്പറേഷൻ, ഡോക്ടറായ മകൻ തന്നെ ചെയ്യണമെന്ന അമ്മയുടെ ആഗ്രഹം.

# നഷ്ടപ്പെടുന്നത് കേവലമായ ഒരവയവം മാത്രമല്ല എന്ന കഥയുടെ സന്ദേശം.

# വർത്തമാനകാലത്തിന്റെ തിരക്കുപിടിച്ചതും സ്നേഹരഹിതവും സ്വാർത്ഥപൂരിതവുമായ അവസ്ഥകളിൽ സ്വയം തിരുത്തുവാൻ പ്രേരിപ്പിക്കുന്ന അനുഭവം നല്കുന്ന കഥ.

ഇത്തരത്തിൽ കഥയിലെ വൈകാരികാംശങ്ങളെ സൂചിപ്പിച്ചു കൊണ്ട് പ്രതികരിക്കുന്നതിന് 8 മാർക്കും നല്കാം.

hssMozhi

**<u>തയ്യാറാക്കിയത്</u>**

അജയകുമാർ ബി , പി ബി വിനോദ്കുമാർ , വി വിനോദ്കുമാർ , രേഖ ആർ താങ്കൾ ,
നന്ദിതാ തിലകം S , ശ്രീജ M , രാജലക്ഷ്മി A , വിജു L N , ഉദയകുമാർ എസ്

**പ്രിയ വിദ്യാർത്ഥികളെ ,**

**HSS Mozhi** – ഹയർ സെക്കണ്ടറി മലയാളം അധ്യാകരുടെ ഒരു കൂട്ടായ്മയാണ്. + 1 , +2 മലയാളം വിദ്യാർത്ഥികൾക്കാവശ്യമായ പഠന വിഭവങ്ങൾ ഞങ്ങൾ തയ്യാറാക്കുന്നു.

– മൂന്ന് തലത്തിലാണ് അവ ആസൂത്രണം ചെയ്തിരിക്കുന്നത്.

1 . **YouTube Channel** – പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെയും ടീച്ചർ ടെക്സ്റ്റിനെയും കൃത്യമായി പിന്തുടരുന്ന വീഡിയോ ക്ലാസുകൾ ചാനലിൽ ലഭ്യമാക്കിയിരിക്കുന്നു. **Link** : – **Click Here**

2 . **Telegram Channel** : + 1 , +2 ക്ലാസുകൾക്ക് വെവ്വേറെ ചാനലുകൾ ഉണ്ട്. യു ട്യൂബ് ചാനലിലെ ക്ലാസുകൾ ക്രമമായി ഇവിടെ കാണാം. കൂടാതെ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ , ആഡിയോകൾ, വീഡിയോകൾ , മാതൃകാ ചോദ്യങ്ങൾ, ചോദ്യോത്തരങ്ങൾ , നോട്ട് തുടങ്ങിയവ ഇവിടെ ലഭ്യമായിരിക്കും. **+2 Channel Link** : **Click Here**

3 . **Note** – ഓരോ പാഠഭാഗത്തിന്റെയും നോട്ട് തയ്യാറാക്കിയിരിക്കുന്നു.

വീഡിയോ ക്ലാസുകളും നോട്ടും ഉപയോഗിച്ച് പഠനം മുന്നോട്ടു കൊണ്ടുപോവുക. ഫുൾ സ്കോർ നേടാൻ അവ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും.

സ്നേഹത്തോടെ,
**hssMozhi**

hssMozhi


ഉടൻ
പ്രസിദ്ധീകരണം
ആരംഭിക്കുന്നു
PALAMA
പലമ
സ്കൂൾ വിദ്യാർത്ഥികളുടെ രചനകൾ മാത്രം
പ്രസിദ്ധീകരിക്കുന്ന ഒരിടം
വിലയിരുത്തൽ
കുറിപ്പോടു കൂടി
E BOOK ആയി
AMAZON ൽ
പ്രസിദ്ധീകരിക്കുന്നു
രചനകൾ വാട്സ് ആപ്പ് ,
ഇ മെയിൽ
എന്നിവയിലൂടെ അയയ്ക്കാവുന്നതാണ്.
pdf , image വേണ്ട .
ക്ലാസ് ടീച്ചറുടെ സാക്ഷ്യപത്രം വേണം .
Mail : epublica2020@gmail.com
WhatsApp : 79024 79435
www.epublicatvm.com
ഒരു E PUBLICA TRIVANDRUM പ്രസിദ്ധീകരണം


+1 മലയാളം
പഠന സഹായി
Video classes
Full Note
Previous Q & A
Telegram Links
OUR EXPERT TEAM
E PUBLICA TRIVANDRUM